"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളുടെ സമയബന്ധിത തീർപ്പാക്കൽ ഉറപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല ഓഡിറ്റ് മോണിറ്ററിഗ് കമ്മിറ്റിയുടെ കൺവീനറാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറെ നിയമിച്ച കൊണ്ട് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1286/2026/LSGD തീയതി,തിരുവനന്തപുരം, 14-07-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.1679/2025/തസ്വഭവ, തീയതി 05.07.2025
2. സ.ഉ.(സാധാ) നം.251/2026/തസ്വഭവ, തീയതി 31.01.2026
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 26.03.26-ലെ LSGD/PD/7055/2024-AM3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിവിധ ഓഡിറ്റ് ഏജൻസികളുടെ റിപ്പോർട്ടുകളുടെ സമയബന്ധിത തീർപ്പാക്കൽ ഉറപ്പുവരുത്തുന്നതിനായി ജില്ലാ തലത്തിൽ പുന:സംഘടിപ്പിച്ച ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അധ്യക്ഷനായി തദ്ദേശ സ്വയംഭരണ വകുപ്പിലെ ജില്ലാ ജോയിന്റ് ഡയറക്ടറെ നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി പ്രവർത്തനങ്ങളുടെ നിഷ്പക്ഷത ഉറപ്പാക്കുന്നതിനായി ജില്ലാ ജോയിന്റ് ഡയറക്ടർക്ക് പകരം ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് സമിതി അദ്ധ്യക്ഷൻമാർ ജില്ലാ കളക്ടർമാർ തന്നെയായിരിക്കും എന്ന് സ്പഷ്ടീകരണം നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പരാമർശം (2) ഉത്തരവിൽ ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയിൽ ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ ചുമതല വ്യക്തമാക്കിയിരുന്നില്ല. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ പദവി സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് സൂചന (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ നിലവിലെ കൺവീനറായ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർമാർക്ക് പകരം തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാരെ കൺവീനറാക്കി താഴെ പറയുന്ന രീതിയിൽ ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് സമിതി പുനസംഘടിപ്പിച്ച് ഉത്തരവാകുന്നു.

**<u>ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി</u>**

ജില്ലാ കളക്ടർ - ചെയർമാൻ
ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് - കൺവീനർ
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് വിഭാഗം ജില്ലാ കാര്യാലയ മേധാവി , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - അംഗം

സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ (AMG/Audit) തൃശ്ശൂർ - അംഗം
ജില്ലാ ഫിനാൻസ് ഓഫീസർ, ജില്ലാ ധനകാര്യ പരിശോധന വിഭാഗം - അംഗം

പരാമർശ ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇന്ദു.എസ്.
അഡിഷണൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ/ഡയറക്ടർ (റൂറൽ/ അർബൻ) തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I ) , ബ്രാഞ്ച് ഓഫീസ് , തൃശ്ശൂർ.
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടൻ ജനറൽ (ഓഡിറ്റ് ) , തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ജില്ലാ ജോയിന്റ് ഡയറക്ടർമാർ , തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തരം )
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം .
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Digitally signed by
Jayakrishnan. K
Date: 14-07-2026
11:33:26
സെക്ഷൻ ഓഫീസർ